# നാളികേര ഉൽപാദക സംഘങ്ങൾ



റബർ ഉൽപാദക സംഘങ്ങളുടെയും വിഎഫ്പിസികെ സ്വാശ്രയ സംഘങ്ങളുടെയും ചുവടു പിടിച്ച് വളരെ വലിയ പ്രതീക്ഷകളോടെ രംഗപ്രവേശം ചെയ്യുകയാണ് നാളികേര ഉൽപാദകസംഘം. ഒരു കാലത്ത് കേരളത്തിന്റെ നട്ടെല്ലായിരുന്ന തെങ്ങിന്റെയും കേരകർഷകരുടെയും മുന്നേറ്റമാണ് സംഘം ലക്ഷ്യമിടുന്നത്. ചെയർമാൻ ടി. കെ. ജോസിന്റെ ആസൂത്രണ വൈദഗ്ധ്യം നാളികേര ഉൽപാദക സംഘത്തിനു വിപുലമായ പ്രവർത്തനമേഖലകളിലേക്കു വളരാനുള്ള അവസരമൊരുക്കുമെന്നു പ്രതീക്ഷിക്കാം.

സംസ്ഥാനത്ത് ഇതിനകം നൂറോളം സംഘങ്ങൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. റബർ ഉൽപാദകസംഘങ്ങളെപ്പോലെ ഇവയും ചാരറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം തന്നെയാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. സ്വന്തമായി കായ്ഫലമുള്ള പത്ത് തെങ്ങെങ്കിലുമുള്ളതും ഒരേ പ്രദേശത്ത് താമസിക്കുന്നവരുമായ നാൽപതു മുതൽ നൂറു വരെ കർഷകർ ചേർന്നാൽ ഒരു സംഘം രൂപീകരിക്കുന്നതിനു കഴിയും. അംഗത്വഫീസ് നൂറു രൂപയും വാർഷിക വരിസംഖ്യ 20 രൂപയും. ശാസ്ത്രീയമായ കൃഷിരീതികളുടെ പ്രചാരണം, നൂതന സാങ്കേതികവിദ്യകൾ ഏറ്റെടുക്കുന്നതിനുള്ള അവസരം, കൃഷിയിടത്തിലെ കൂട്ടായ പ്രവർത്തനം, ഗുണനിലവാരമുള്ള നടീൽവസ്തുക്കളുടെയും അനുബന്ധ വസ്തുക്കളുടെയും വിതരണം, തെങ്ങിൻ തൈ നഴ്സറികൾ, ജൈവവളം ഉൽപാദന യൂണിറ്റുകൾ, കൊപ്ര ഡ്രയറുകൾ, ഇവയ്ക്കുള്ള സാമ്പത്തിക സഹായം, നാളികേര ഉൽപന്നങ്ങളുടെ വിപണനം, പഠന പര്യടനങ്ങൾ, കരിക്ക് സംഭരണവും വിപണനവും തുടങ്ങിയവയാണ് ഉൽപാദകസംഘങ്ങൾ ഇപ്പോൾ ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ.

വൻകിട നാളികേര സംസ്കരണ യൂണിറ്റുകൾ, നാളികേര ഉൽപന്നങ്ങളുടെ വിപണനശൃംഖല, വിവിധ സംഘങ്ങൾ ചേർന്ന് വ്യവസായ സ്ഥാപനങ്ങൾ, തേങ്ങയും മറ്റു കേരോൽപ്പന്നങ്ങളും കയറ്റുമതി, ഗവൺമെന്റിനു വേണ്ടി അംഗീകൃത നാളികേര സംഭരണ ഏജൻസികളായി മാറിയുള്ള പ്രവർത്തനം, വിവിധ സംഘങ്ങൾ ഓഹരിയുടമകളായി ചേർന്ന് കേരോൽപന്ന നിർമാണ കമ്പനികൾ എന്നിങ്ങനെ ടി. കെ. ജോസിന്റെ ഭാവനയിൽ ഉൽപാദക സംഘങ്ങൾക്കായി കരുതിവച്ചിരിക്കുന്ന കാര്യങ്ങൾ നിരവധിയാണ്. ബോർഡിൽ നിന്നു കർഷകർക്ക് അനുവദിക്കുന്ന സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്യുന്ന ഏജൻസികൾ കൂടിയായി ഇവ മാറുകയാണെങ്കിൽ വളരെ ഉയർന്ന തോതിലുള്ള സാമ്പത്തിക പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്ന അവസ്ഥയിലേക്കെത്താൻ ഇവയ്ക്കു കഴിയും. അല്ലാതെ തന്നെ വ്യത്യസ്തങ്ങളായ വ്യവസായ, വിപണന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതു തന്നെ ഇവയുടെ സാമ്പത്തിക അടിത്തറ ശക്തമാക്കുമെന്നതിൽ തർക്കമില്ല.

കരിക്കിന് വളരെ നല്ല ഭാവിയാണ് പ്രതീക്ഷിക്കുന്നത്. നീരയുടെ വിപണനത്തിന് കർഷകർക്ക് അനുമതി കൂടി ലഭിക്കുകയാണെങ്കിൽ ഒരു പക്ഷേ, റബറിലും മികച്ച കാർഷിക വിളയായി തെങ്ങ് മാറിക്കൂടെന്നില്ല. അങ്ങനെ വരുന്ന പക്ഷം സാമ്പത്തിക മുന്നേറ്റത്തിന്റെ മുഴുവൻ അമരത്തുണ്ടാവുക നാളികേര ഉൽപാദക സംഘങ്ങളായിരിക്കുമെന്നുറപ്പ്. അതിനുള്ള എല്ലാ സാധ്യതയും ചുരുങ്ങിയ കാലത്തെ ഇവയുടെ പ്രവർത്തനം തന്നെ സൂചിപ്പിക്കുന്നു.